വനിതാ ഹെഡ്കോൺസ്റ്റബിൾമാർക്ക് എസ്. ഐ.-മാരായി പ്രൊമോഷൻ നൽകാൻ നടപടി

52 [1526] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

,, വി. ബാലറാം :

,, എഴുകോൺ നാരായണൻ :

,, ഇ. എം. അഗസ്തി :

,, എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിൽ എത്ര വനിതാ പോലീസുകാരുണ്ട്;

(ബി) വനിതാ കോൺസ്റ്റബിൾമാരുടെ എണ്ണത്തിന് ആനുപാതികമായി എസ്. ഐ., സി. ഐ., ഡി വൈ. എസ്. പി. എന്നീ പോസ്റ്റുകൾ നിലവിലുണ്ടോ;

(സി) വനിതാ പോലീസുകാരിൽ നിന്നും ഏറ്റവും ഒടുവിൽ എസ്. ഐ.-മാരായി പ്രൊമോഷൻ നൽകിയതെന്നാണ്;

(ഡി) വനിതാ ഹെഡ്കോൺസ്റ്റബിൾമാർക്ക് എസ്. ഐ.-ആയി പ്രൊമോഷൻ നൽകുന്നതിനുള്ള തടസ്സം എന്താണ്;

(ഇ) വനിതാ ഹെഡ്കോൺസ്റ്റബിൾമാരിൽ അർഹതയുള്ളവർക്ക് എസ്. ഐ.-മാരായി പ്രൊമോഷൻ നൽകാൻ ഉടൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനിതാ പോലീസ് ഓഫീസർമാരും കോൺസ്റ്റബിൾമാരുമായി 2747 പേരുണ്ട്.

(ബി) അനുപാതം നിശ്ചയിച്ചിട്ടില്ല.

(സി) 28-11-2003-ൽ 5 പേർക്ക് എസ്.ഐ.-മാരായി ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്.

(ഡി) തടസ്സം നിലവിലില്ല.

(ഇ) ഒഴിവുകൾ വരുന്നതനുസരിച്ച് യോഗ്യതയുള്ളവർക്ക് പ്രൊമോഷൻ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly